Day 44of 90 days ✝✝✝ 08th December 2017

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നമ്മൾക്ക് സ്വസ്ഥതയില്ല, സമാധാനമില്ല. ശരിയായ വിശ്രമം ലഭിക്കുന്നില്ല. പലരും നമ്മെ ഉപദ്രവിക്കുവാൻ ആലോചിക്കുന്നു. നമ്മളെ തകർക്കുവാൻ പലരും ശ്രമിക്കുന്നു. എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുന്നു. ദൈവമേ ഞങ്ങളുടെ അവസ്ഥ ഇങ്ങനെയോ എന്നു നാം വേദനപ്പെടുന്നു. ഞങ്ങളെ ദൈവം വിളിച്ചത് ഇതിനുവേണ്ടിയോ എന്ന് നാം അത്ഭുതപ്പെടാം. ഞങ്ങളുടെ നിലനിൽപ്പ് ഇതോടുകൂടെ അവസാനിച്ചിരിക്കുന്നവോ എന്നു നമുക്ക് തോന്നിപ്പോകുന്നു. എന്നാൽ സ്നേഹിതാ, ഒരു നല്ല വാർത്ത പറയുവാനുണ്ട്, നാം തോൽക്കുകയില്ല, ശത്രു നമ്മെ ഒന്നും ചെയ്യുകയില്ല. കാരണം നമ്മെ സ്നേഹിച്ച് നമുക്കുവേണ്ടി വിലകൊടുത്ത് നമ്മെ വിലയ്ക്കു വാങ്ങിയിരിക്കുന്ന ഒരു ഇടയൻ നമ്മോടുകൂടെ ഉണ്ട്.

നാം കാണുന്ന ആ ശത്രുവിനെ നാം കാണുന്നതിന് മുൻപേ അവൻ കണ്ടിട്ടുണ്ട്. അവയെ കീഴടക്കുവാനും പായിക്കുവാനും അവനു കഴിയും. അവൻ നമ്മെ സംരക്ഷിക്കും, സഹായിക്കും. അവൻ നമ്മുടെ സഹായവും കോട്ടയുമാണ്. അവൻ നമ്മെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. തന്റെ തൂവലുകൾ കൊണ്ട് അവൻ നമ്മെ മറയ്ക്കും. അവന്റെ ചിറക് നമുക്ക് ശരണമായിരിക്കും. അവന്റെ വിശ്വസ്ത നമുക്ക് പരിചയും പലകയും ആകുന്നു. യാതൊന്നിനെയും നമുക്ക് പേടിപ്പാനില്ല. അവയൊന്നും നമ്മോട് അടുത്തു വരികയില്ല.

ഒരു അനർത്ഥവും നമുക്ക് ഭവിക്കുകയില്ല. ഒരു ബാധയും നമ്മുടെ കൂടാരത്തിന് അടുത്തു വരികയില്ല. എല്ലാററിൽ നിന്നും അവൻ നമ്മെ വിടുവിക്കും. അവൻ നമ്മെ ഉയർത്തും. അവൻ നമുക്ക് ഉത്തരമരുളും. അവൻ നമ്മെ വിടുവിച്ച് മഹത്വപ്പെടുത്തും. നമ്മോടുകൂടെയുള്ള നമ്മുടെ ഇടയൻ വലിയവനാണ്. കരുണയും മനസ്സലിവും സ്നേഹവുമുള്ളവനാണ്. ഈ നല്ല ഇടയന്റെ നിരന്തരമായ സാന്നിദ്ധ്യത്തെപ്പററിയുള്ള ബോധ്യമാണ്, ഒരു ദൈവപൈതലിനെ എല്ലാ സംഘർഷബോധത്തിൽ നിന്നും വിടുവിച്ചു സ്വസ്ഥമായും സമാധാനമായും നിലനിർത്തുന്നത്. ചുററുപാടും എന്തുതന്നെ വന്നിരുന്നാലും, ഇടയന്റെ സാന്നിദ്ധ്യത്തെപ്പററി ബോദ്ധ്യമുള്ള ആട്, അവയെപ്പററിയുള്ള യാതൊരു ചിന്തയും കൂടാതെ വിശ്രമിക്കുകയാണ്.

തുടരും....